## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *149 — 31.01.2018 ൽ മറുപടിയ്ക്ക്

## "കാർഷിക വരുമാനത്തിലുള്ള അസ്ഥിരത "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. എം. നൗഷാദ്<br>ശ്രീ. കെ.ഡി. പ്രസേനൻ | ശ്രീ. വി.എസ് സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കാർഷികോല്പന്നങ്ങൾക്ക് ഉല്പാദന ചെലവിന്റെ അടിസ്ഥാനത്തിലുള്ള താങ്ങുവില പ്രഖ്യാപിക്കണമെന്ന കർഷകരുടെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിക്കാത്ത തിനാൽ വിളവെടുപ്പുകാലത്ത് വ്യാപാരികൾ ഉല്പന്നങ്ങൾക്ക് വിലകുറച്ച് കർഷകരെ ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് കാർഷിക വൃത്തി ഉപജീവനമാർഗ്ഗമായി സ്വീകരിക്കുന്നത് അപ്രായോഗിക മാകുന്നു എന്ന സ്ഥിതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി ഏതെല്ലാം തരത്തിലുള്ള ഇടപെടൽ നടത്തു മെന്ന് അറിയിക്കാമോ; | (എ) ഉണ്ട്. കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായ വില ലഭിക്കുന്നതിന് കൃഷി വകുപ്പിന്റെ 6 മൊത്ത വ്യാപാര വിപണികൾ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സികെ എന്നീ സ്ഥാപനങ്ങൾ വഴിയുള്ള ഇടപെടൽ, എ ഗ്രേഡ് ക്ലസ്റ്റർ ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ, എക്കോ ഷോപ്പ് മാർക്കറ്റ് ഇന്റർവെൻഷൻ എന്ന പദ്ധതിയിലൂടെ നടപ്പാക്കുന്ന ഓണസമൃദ്ധി, വിഷുക്കണി എന്നിങ്ങനെയുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു കേരളത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ കമ്പോളവിലയേക്കാൾ ഉയർന്നവിലയ്ക്ക് ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും സംഭരിക്കുന്നുണ്ട്. |
| (ബി) ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവ് വഴി കൃഷിയിൽ വരുമാനസൃഷ്ടിക്കായി സംഘടിപ്പിച്ച 'വൈഗ'യുടെ പ്രസക്തി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) ഉണ്ട്. കാർഷിക മൂല്യവർദ്ധന ഉല്പന്ന നിർമ്മാണത്തിലും സംസ്കരണത്തിലും നിലവിലുള്ള ടെക്നോളജികളെക്കുറിച്ച് അവ വികസിപ്പിച്ചെടുത്ത ദേശീയ സംസ്ഥാന തല ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ബാങ്കുകളുടേയും വിദഗ്ധരുടേയും സഹായത്തോടെ പദ്ധതികൾ ഫൈനലൈസ് ചെയ്യുന്നതിന് പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കുന്ന ഗവേഷണ സ്ഥാപനങ്ങളിൽ ഇങ്കുബേഷൻ സെന്ററുകൾ സ്ഥാപിക്കുക, വർദ്ധനവിന് ഊന്നൽ നൽകി കർഷകരെ ഗ്രൂപ്പുകളായി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളായി രൂപീകരിക്കുക, വൈദ്യുതി സബ്സിഡി, ടാക്സ് ഇളവ്, കോമൺ ബ്രാൻഡിംഗ് ലൈസൻസ് എന്നിവയ്ക്കായി ഏകജാലക |

ക്ലിയറൻസ് നയം രൂപീകരിക്കുക. SFAC, SAMETI, കൃഷി വകുപ്പിലെ മാർക്കറ്റിംഗ് വിങ് എന്നിവ ശക്തിപ്പെടുത്തുക, നാളികേരത്തിന്റെ സമഗ്ര വികസനത്തിനായി കൃഷി മന്ത്രി ചെയർമാനായി കോക്കനട്ട് മിഷൻ രൂപീകരിക്കുക, തേൻ, വാഴപ്പഴം, ചെറുധാന്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കാർഷിക ഉൽപ്പാദന കമ്മീഷണർ ചെയർമാനായി കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുക എന്നിവയാണ് വൈഗ സംഘടിപ്പിച്ചതിലൂടെ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളുടെ പ്രസക്തി.

(സി) കാർഷിക വരുമാനത്തിലുള്ള അസ്ഥിരത പരിഹരിക്കാനും കാർഷികോല്പാദനത്തിന് പുതിയ സാങ്കേതികവിദ്യകളും പുത്തൻ അറിവുകളും വ്യാപിപ്പിക്കുന്നതിനും മൂല്യ വർദ്ധിതോല്പന്ന വ്യവസായത്തിന് വേണ്ട സാങ്കേതിക വിദ്യകളുടെയും വിപണന തന്ത്രങ്ങളുടെയും വ്യാപനത്തിനായും സർക്കാരിന്റെ ഇടപെടൽ കൂടുതൽ ഫലപ്രദമാക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(സി) സുഗന്ധ വ്യഞ്ജനങ്ങൾ ഒഴികെയുള്ള എല്ലാ കാർഷിക ഉൽപ്പന്നങ്ങളുടേയും മൂല്യവർദ്ധനവ് ലക്ഷ്യമിട്ടു കൊണ്ടുള്ള 5 മുതൽ 50 ലക്ഷം വരെ പദ്ധതി ചെലവ് വരുന്ന പദ്ധതിയിൽ SFAC വഴി നടപ്പിലാക്കുന്ന സംസ്ഥാനത്തെ ഇടത്തരം കാർഷികോത്പന്ന അധിഷ്ഠിത മൂല്യവർദ്ധന സംരഭങ്ങളുടെ പ്രോത്സാഹന പദ്ധതിയിൽ 25 ലക്ഷം മുതൽ 10 കോടി വരെ ചെലവു വരുന്ന സംരഭങ്ങൾ സാമ്പത്തിക സഹായങ്ങൾക്കു വേണ്ടി പരിഗണിക്കുന്നു. കെട്ടിടത്തിനും യന്ത്രസാമഗ്രികൾക്കും വേണ്ടി ചിലവാകുന്ന തുകയുടെ 50% പരമാവധി 50 ലക്ഷം രൂപ രണ്ടു ഗഡുക്കളായി വിതരണം ചെയ്യുന്നു. അതുപോലെ തന്നെ കേരളത്തിലെ കാർഷികോത്പന്ന അധിഷ്ഠിത സൂക്ഷ്മതല മൂല്യവർദ്ധന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് 25 ലക്ഷം രൂപ ചെലവു വരുന്ന പദ്ധതികളാണ് സമർപ്പിക്കേണ്ടത്. ആകെ മൂലധനചെലവിന്റെ 50% പരമാവധി 10 ലക്ഷം രൂപ വരെ സബ്സിഡിയായി നൽകുന്നു.

ഇതിനു പുറമേ വിവിധ കാർഷിക വിളകളുടെ അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ കോക്കനട്ട് അഗ്രോപാർക്ക് കോഴിക്കോട് ജില്ലയിലെ കുത്താളി ഫാമിലും, മലപ്പുറം ജില്ലയിലെ മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിലും, മാംഗോ പാർക്ക് പാലക്കാട് ജില്ലയിലെ മുതലമട ഫാമിലും, ബനാന ഹണി പാർക്ക് തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിലും വെജിറ്റബിൾ പാർക്ക് ഇടുക്കി ജില്ലയിലെ വട്ടവടയിലുള്ള പഴത്തോട്ടത്തിലും സ്ഥാപിക്കുവാനുള്ള നടപടികൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു.

Sreelatha

**സെക്ഷൻ ഓഫീസർ**